മനസ്സറിയുക ശരീരവും

ഡോ. (സി). ഷാലു കോയിക്കര

# ഉറ്റസുഹൃദ്ബന്ധങ്ങളുടെ അഭാവവും കൗമാരക്കാർക്കിടയിലെ പ്രശ്നങ്ങളും

**നി**ങ്ങളുടെ സ്നേഹിതൻ നിങ്ങളുടെ ആവശ്യങ്ങൾക്കുള്ള ഉത്തരമാണ്. അവൻ നിങ്ങൾക്കൊരു തീരവും തണുപ്പിൽ നെരിപ്പോടുമാണ്-ഖലീൽ ജിബ്രാൻ.

പതിനഞ്ചു വയസ്സുകാരനായ മാർക്കൂസിന്റെ ചിന്തകൾ അവന്റെ മനസ്സിനെ മഥിക്കുന്നവയാണ്. ഒരാഴ്ച മുൻപത്തെ അനുഭവം അവന്റെ ഓർമയിൽ വന്നു. താൻ മാത്രം ഒറ്റയ്ക്ക്. എല്ലാവരും പരസ്പരം എന്തൊക്കെയോ പറഞ്ഞു ചിരിക്കുകയും രസിക്കുകയും ചെയ്യുന്നു. തന്റെ ഉള്ളിലും കടൽത്തിരപോലെ ഇളകി മറിയുന്ന കാര്യങ്ങൾ പങ്കുവയ്ക്കാനുണ്ട്. പക്ഷെ ആരോടു പറയും? വീട്ടിലെ പ്രശ്നങ്ങൾ ഒരു വശത്ത്. തന്റെ ശരീരവും മനസ്സും എല്ലാം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരുന്നതിന്റെ നൊമ്പരവും ആനന്ദവും മറുവശത്ത്. പഠനം മുന്നോട്ടുപോകാത്തതിന്റെ ചിന്ത തന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. വീട്ടിൽ എങ്ങനെ ഇതെല്ലാം പറയും ? പറഞ്ഞാൽ അവർ എങ്ങനെ പ്രതികരിക്കും? അധ്യാപകരോടു പറഞ്ഞാൽ അവർ തന്നെക്കുറിച്ച് എന്തു ചിന്തിക്കും? മനസ്സിൽ ചിന്താഭാരവുമായി പഠനമേശക്കു മുൻപിൽ ഏകനായിരുന്നു. ഒരുറ്റ സുഹൃത്തിനു വേണ്ടി മനസ്സ് ഇത്രയേറെ ദാഹിച്ചിട്ടില്ല.

മാർക്കൂസിനു തലകറങ്ങുന്നതുപോലെ തോന്നി. എല്ലാവരും സുഖനിദ്രയിലാണ്ടപ്പോൾ അവൻ ഒറ്റക്കിരുന്നു തന്റെ മനസ്സിലെ ചിന്താഭാണ്ഡങ്ങളൊക്കെ പുറത്തെടുത്ത് അഴിച്ചു നോക്കി. താങ്ങാവുന്നതിലും വലിയ ഭാരമാണ് തനിക്കു വഹിക്കുവാനുള്ളത്. എന്തുചെയ്യണമെന്നറിയാതെ, ഉറക്കമില്ലാതെ മണിക്കൂറുകൾ തള്ളിനീക്കി.

മാർക്കൂസിന്റെ സംഭവം ഒറ്റപ്പെട്ടതല്ല. ഏറെ കൗമാരക്കാർ തങ്ങളുടെ മനസ്സുതുറന്നു പങ്കുവയ്ക്കാനാരുമില്ലാത്ത അവസ്ഥയിലാണ്. പത്താംക്ലാസ്സുകാരുടെയിടയിൽ നടത്തിയ പഠനത്തിൽ 16.85% കുട്ടികൾ ഉറ്റസുഹൃത്തുക്കളാരുമില്ലാത്ത അവസ്ഥയിൽ ആണെന്ന് കണ്ടെത്താൻ കഴിഞ്ഞു. കൗമാരപ്രായത്തിൽ കുട്ടികൾ മാതാപിതാക്കളിൽ നിന്നകന്നു പോകുന്നെന്ന് ഒരു ചിന്തയുണ്ട്. പക്ഷേ, വിദ്യാഭ്യാസം, മതവിശ്വാസം തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങളിലെല്ലാം അവർ മാതാപിതാക്കളുടെ താത്പര്യമനുസരിച്ച് പ്രവർത്തിക്കുന്നു. വിനോദം, വസ്ത്രധാരണം, കായികം തുടങ്ങിയവയിലാണ് കൗമാരക്കാർ സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ച് നീങ്ങുന്നത്. എന്നാൽ ഈ പ്രായത്തിൽ തങ്ങളിൽ വരുന്ന ശാരീരിക, മാനസിക മാറ്റങ്ങൾക്കനുസരിച്ച് മറ്റുള്ളവരുമായുള്ള ബന്ധത്തിലും മാറ്റംവരും. മാതാപിതാക്കളുമായുള്ള വൈകാരിക അടുപ്പത്തിന്റെ കാര്യത്തിലും ഇതുശരിയാണ്. ശൈശവം മുതൽ കൗമാരം വരെയുള്ള കാലഘട്ടം നിരീക്ഷിക്കുകയാണെങ്കിൽ മനസ്സിലാക്കുവാൻ സാധിക്കുക അവരുടെ ബന്ധങ്ങളുടെ ലോകം വലുതായിക്കൊണ്ടിരിക്കുന്നു എന്നാണ് സുഹൃദ്ബന്ധങ്ങൾ വ്യക്തിത്വ രൂപീകരണത്തിന് അവശ്യം.

ഡോവാൻ, അഡൽസൺ എന്നിവരുടെ പഠനമനുസരിച്ച് കൗമാരത്തിന്റെ മധ്യഘട്ടത്തോടെ കുട്ടികൾ പരസ്പരമുള്ള വിശ്വാസത്തിന്റെയും വിശ്വസ്തതയുടെയും അടിസ്ഥാനത്തിൽ സുഹൃത്തുക്കളെ തെരഞ്ഞെടുക്കും. പെൺകുട്ടികളാണ് കൂടുതലും ഇങ്ങനെയൊരു പ്രവണത കാണിക്കുന്നത്. സുഹൃദ്ബന്ധത്തെക്കുറിച്ച് കൂടുതൽ ആകാംക്ഷ കാണിക്കുന്നതും പെൺകുട്ടികളാണ്. ആത്മസുഹൃത്ത് തന്നെ വഞ്ചിച്ച് തന്റെ രഹസ്യങ്ങളൊക്കെ മറ്റുള്ളവരോട് വെളിപ്പെടുത്തുമോ, തന്നെ ഉപേക്ഷിച്ച് പോകുമോ എന്നെല്ലാം അവൾ ഭയപ്പെടുന്നു.

ആൺകുട്ടികളാകട്ടെ അവരുടെ സുഹൃത്തുക്കളുമായി സുഹൃത് ബന്ധങ്ങളിലനുഭവപ്പെടുന്ന ബുദ്ധി മുട്ടുകൾ, വസ്തുക്കൾ, സാധനങ്ങൾ, വിശ്രമവേളകളുടെ വിനിയോഗം തുടങ്ങിയവയെക്കുറിച്ചാണ് സംസാരിക്കാനിഷ്ടപ്പെടുന്നത്. ഉറ്റസുഹൃത്തുക്കളുടെയിടയിൽ എന്തുസംഭവിക്കുന്നു? എന്തിന് അവർ മുൻതൂക്കം കൊടുക്കുന്നു എന്നതിൽ വ്യത്യാസമുണ്ടെങ്കിലും പഠനങ്ങൾ തെളിയിക്കുന്നത് ഇരുകൂട്ടർക്കും സുഹൃദ്ബന്ധങ്ങൾ ആവശ്യമെന്നതാണ്. അത് അവരുടെ വ്യക്തിത്വ രൂപീകരണത്തിന്റെ ഭാഗമാണ്. ■

**ആരോഗ്യകരമായ വ്യക്തിബന്ധങ്ങൾ മാനസ്സിക വളർച്ചയ്ക്കും പഠനത്തിനും സഹായിക്കുമെന്നതിൽ സംശയമില്ല. മറ്റുള്ളവരോട് സഹാനുഭൂതിയിലും സഹിഷ്ണുതയിലും വർത്തിക്കാനും ഇതുമൂലം അവർ പ്രാപ്തരാകും.**




**പത്താംക്ലാസ്സുകാരുടെയിടയിൽ നടത്തിയ പഠനത്തിൽ 16.85% കുട്ടികൾ ഉറ്റസുഹൃത്തുക്കളാരുമില്ലാത്ത അവസ്ഥയിൽ ആണെന്ന് കണ്ടെത്താൻ കഴിഞ്ഞു. കൗമാരപ്രായത്തിൽ കുട്ടികൾ മാതാപിതാക്കളിൽ നിന്ന് അകന്നു പോകുന്നു എന്ന ചിന്തയുണ്ട്. എന്നാൽ വിദ്യാഭ്യാസം, മതവിശ്വാസം തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങളിലെല്ലാം അവർ മാതാപിതാക്കളുടെ താത്പര്യമനുസരിച്ച് പ്രവർത്തിക്കുന്നു. വിനോദം, വസ്ത്രധാരണം, കായികം തുടങ്ങിയവയിലാണ് കൗമാരക്കാർ സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ച് നീങ്ങുന്നത്.**

## സ്വയം മനസ്സിലാക്കാൻ

**കൂ**ടുതൽ സഹോദരങ്ങളുള്ള കുട്ടികൾക്കും കൗമാരക്കാർക്കും സുഹൃദ്ബന്ധം കുറച്ചുകൂടി എളുപ്പമായി കാണാറുണ്ട്.

തന്റെ സംസാരത്തിന്റെയും ചെയ്തികളുടെയും പ്രത്യേകത മറ്റുള്ളവരിൽ എന്തുപ്രതികരണമാണുളവാക്കുക എന്നവൻ പഠിക്കുന്നത് സുഹൃദ്ബന്ധത്തിലൂടെയാണ്. ഒരേ സാഹചര്യങ്ങളിലെങ്കിലും തന്റെയും സുഹൃത്തിന്റെയും വൈകാരികാനുഭവങ്ങളിൽ മാറ്റമുണ്ടാകാമെന്ന് ചിന്തിക്കാൻ പങ്കുവയ്ക്കലുകൾ അവനെ സഹായിക്കും. സുഹൃത്തുക്കൾ തമ്മിലുള്ള പിണക്കവും ഇണക്കവും വ്യക്തിത്വങ്ങളിലെ പ്രത്യേകതകൾ മനസ്സിലാക്കാൻ അതിനിടയാക്കും. അഭിപ്രായ വ്യത്യാസങ്ങൾ വ്യക്തിബന്ധങ്ങൾക്ക് തടസ്സമാകേണ്ടതില്ലെന്ന് അവൻ പഠിക്കുന്നത് സുഹൃദ്ബന്ധത്തിലൂടെയാണ്.

തനിക്ക് മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കാൻ സാധിക്കുമോ അതോ അതിലസൂയയാണോ എന്ന് മനസ്സിലാക്കുവാനും സാധ്യതയുണ്ടാകും. തെറ്റും ശരിയും വേർതിരിച്ചറിഞ്ഞിട്ടും ശരി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ ബലി കഴിക്കാൻ മാത്രം ഒരുവൻ ഭീരുവാണോ എന്നു മനസ്സിലാക്കാനുള്ള അവസരവുമാണത്.

സുഹൃദ്ബന്ധത്തിൽ തന്റെ വ്യക്തിത്വം നഷ്ടപ്പെടുത്തി സുഹൃത്തുക്കളുമായി താദാത്മ്യപ്പെടാനുള്ള പ്രവണതയാണോ തനിക്കുള്ളത് എന്നും അവൻ മനസ്സിലാക്കുവാൻ കഴിയും. സ്വഭാവത്തിൽ ഏറെ വ്യത്യാസങ്ങൾ ഉണ്ടായിരിക്കുമ്പോഴും അവയൊക്കെ ചേർത്തുവച്ച് കൊണ്ടുപോകാനുള്ള സഹിഷ്ണുത തനിക്കുണ്ടോ? തനിക്കു ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യങ്ങൾ തുറന്നുപറയാനുള്ള സ്വാതന്ത്ര്യം കാണിക്കാറുണ്ടോ അതോ അതിന്റെ പേരിൽ ആ ബന്ധം ഉപേക്ഷിക്കുകയാണോ? ഇങ്ങനെയുള്ള പല കാര്യങ്ങളും മനസ്സിലാക്കാനുള്ള അവസരമുണ്ടാകുന്നത് സുഹൃത് ബന്ധത്തിലൂടെയാണ്.

മറ്റുള്ളവരുമായി ആഴമുള്ളബന്ധം സ്ഥാപിക്കാനുള്ള കല അഭ്യസിക്കുന്നത് സുഹൃദ്ബന്ധത്തിലൂടെയാണ്. ■

## സുഹൃദ്ബന്ധങ്ങളും മാതാപിതാക്കളുടെ സ്വാധീനവും

**ഇ**ന്ന് പല കുട്ടികൾക്കും സുഹൃദ്ബന്ധം കെട്ടിപ്പടുക്കാൻ സാധിക്കുന്നില്ല. അവർക്ക് അറിയില്ല എന്നതാണ് വാസ്തവം. വളരെ ചെറുപ്പത്തിലേ തന്നെ സുഹൃദ്ബന്ധം വളർത്തിയെടുക്കാനുള്ള പരിശീലനം കുട്ടികൾക്ക് കിട്ടിയാൽ മാത്രമേ കൗമാരപ്രായത്തിലും അതുണ്ടാവൂ. മാതാപിതാക്കൾ തന്നെ ഇതിന് മുൻകൈ എടുക്കണം.

സ്കൂളിൽ സഹപാഠികളുമായി കാര്യമായ ബന്ധമില്ലാതെ പഠനത്തിൽ മാത്രം ശ്രദ്ധിച്ചുവരുന്ന കുട്ടികൾ ഉപരിപഠനത്തിന് പ്രായമായിക്കഴിയുമ്പോഴോ അതുമല്ലെങ്കിൽ ഹൈസ്കൂളിൽ വച്ചുതന്നെയോ മാനസിക ബുദ്ധിമുട്ടുള്ളവരായി കാണപ്പെടാറുണ്ട്.

കുട്ടികൾക്ക് സുഹൃദ്ബന്ധങ്ങളില്ലാതിരിക്കുന്നത് നല്ല കാര്യമാണെന്ന് കതുതുന്ന മാതാപിതാക്കളും ഇല്ലാതില്ല. പ്രശ്നങ്ങൾ കുറഞ്ഞിരിക്കുമല്ലൊ എന്നു കരുതിയാവാം. എന്നാൽ സുഹൃദ്ബന്ധത്തിന്റെ അഭാവം പിന്നീട് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഉദാഹരണത്തിന് ആത്മഹത്യയ്ക്ക് ശ്രമിച്ചവരൊ ആത്മഹത്യ ചെയ്തവരോ ആയ കുട്ടികളെക്കുറിച്ച് പഠിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്, അവർ ഒരിക്കലും ഊഷ്മളമായ വ്യക്തിബന്ധങ്ങൾ ആസ്വദിച്ചിരുന്നവരല്ല എന്നാണ്. മാനസികാരോഗ്യത്തിന്റെ വലിയൊരു ഘടകമാണ് കൊടുക്കൽ വാങ്ങൽ. അതു സുഹൃദ്ബന്ധങ്ങളിലൂടെയല്ലേ സാധ്യമാകുകയുള്ളൂ?

കുടുംബബന്ധങ്ങൾ സുഹൃദ്ബന്ധത്തിൽ ഏറെ സ്വാധീനം ചെലുത്തും. മാതാപിതാക്കളുമായും സഹോദരങ്ങളുമായും ഊഷ്മളബന്ധം ഉള്ള കുട്ടികളാണ് സുഹൃത്തുക്കളുടെ കാര്യത്തിലും മുന്നിൽ നില്ക്കുന്നത്. എന്നാൽ മാതാപിതാക്കളുമായുള്ള അമിത അടുപ്പം വന്നാൽ കുട്ടികൾ മറ്റാരോടും അടുക്കാറില്ല. ചിലർ സ്കൂളിൽ പോകാൻ പോലും മടി കാണിക്കാറുണ്ട്. അച്ഛനും അമ്മയും സഹോദരങ്ങളുമായും ആരോഗ്യകരമായ ബന്ധമില്ലാത്ത കുട്ടികളുടെ സുഹൃദ്ബന്ധങ്ങൾ സാമൂഹ്യവിരുധ സ്വഭാവമുള്ളതോ വെറും ഉപരിപ്ലമായ തരത്തിലുള്ളതോ ആയിരിക്കും. അവർക്ക് മറ്റുള്ളവരുമായി ആത്മബന്ധം സൃഷ്ടിക്കുവാൻ കഴിയില്ല. ■

## വ്യക്തിത്വ വികസനത്തിന്

**വ**ളരെ ചെറുപ്പം മുതൽ മറ്റുള്ളവരുമായി ഊഷ്മളബന്ധം സ്ഥാപിക്കാൻ കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണ്. പഠനം പോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് വ്യക്തിബന്ധങ്ങളും. അതൊരു കലയായതുകൊണ്ട് പരിശീലനം കൂടിയേ തീരൂ. കുട്ടികളുടെ ബന്ധങ്ങളെക്കുറിച്ചും സുഹൃത്തുക്കളെക്കുറിച്ചും മാതാപിതാക്കൾ അറിഞ്ഞിരിക്കണം. അനാശാസ്യമായ കൂട്ടുകെട്ടുകളിൽ അകപ്പെടാതെ സൂക്ഷിക്കേണ്ടതുമാണ്. ആരോഗ്യകരമായ വ്യക്തിബന്ധങ്ങൾ മാനസ്സിക വളർച്ചയ്ക്കും പഠനത്തിനും സഹായിക്കുമെന്നതിൽ സംശയമില്ല. മറ്റുള്ളവരോട് സഹാനുഭൂതിയിലും സഹിഷ്ണുതയിലും വർത്തിക്കാനും ഇതുമൂലം അവർ പ്രാപ്തരാകും. ■

CYAN MAGENTA YELLOW BLACK

കാർഷികം

ജോസി

# കർഷകരക്ഷയ്ക്കു ജൈവ കീടനാശിനികൾ

ആധുനിക കൃഷിസമ്പ്രദായങ്ങൾ മൂലം മണ്ണിലും സസ്യങ്ങളിലും ഉണ്ടാകേണ്ടിയിരുന്ന പല സൂക്ഷ്മാണുക്കളും ഇല്ലാതാവുകയോ അവയുടെ എണ്ണത്തിൽ കുറവുണ്ടാവുകയോ ചെയ്തു. തത്ഫലമായി ഈ സൂക്ഷ്മാണുക്കൾ നിയന്ത്രിച്ചു നിർത്തിയിരുന്ന കീടങ്ങൾ പെരുകുകയും വിളകളിൽ കീടരോഗബാധ വ്യാപകമാവുകയും ചെയ്തു.

ഉപകാരികളായ സൂക്ഷ്മാണുക്കളെ മണ്ണിൽ നിന്നും, സസ്യങ്ങളിൽ നിന്നും വേർതിരിച്ചെടുത്ത്, ലബോറട്ടറികളിൽ വംശവർധനവ് നടത്തി കീട രോഗനിയന്ത്രണത്തിന് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. അവ, ജീവാണു കീടനാശിനികൾ എന്നാണ് അറിയപ്പെടുന്നത്. ഇപ്രകാരം ഉപയോഗിക്കാവുന്ന വിവിധങ്ങളായ ജീവാണു കീടനാശിനികൾ ഇന്നു ലഭ്യമാണ്.

## 1. സ്യൂഡോമൊണാസ്

സ്യൂഡോമൊണാസ് ഫ്ളൂറസൻസ് എന്നയിനം ബാക്ടീരിയ ഉപയോഗിച്ചുള്ള കീടനാശിനിയാണിത്. മണ്ണിൽ നിന്ന് വേർതിരിച്ചെടുക്കുന്ന ഈ ബാക്ടീരിയ രോഗനിയന്ത്രണത്തോടൊപ്പം സസ്യങ്ങളുടെ വളർച്ചയും ത്വരിതപ്പെടുത്തുന്നു.

### പ്രയോഗരീതി

ഒരു കിലോ സ്യൂഡോമൊണാസ് 50 ലിറ്റർ വെള്ളത്തിൽ, ഒരു കിലോ ഉണ്ട ശർക്കരയുമായി കലർത്തി 2-3 മണിക്കൂർ വെച്ചതിനു ശേഷം തെളിയെടുത്ത് സസ്യങ്ങളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക. മേല്പ്പറഞ്ഞ രീതിയിൽ തയ്യാറാക്കിയ മിശ്രിതത്തിൽ വിത്തുകൾ 6-8 മണിക്കൂർ കുതിർത്തതിനുശേഷം നടുന്നതാണ് നല്ലത്.

### പ്രയോജനങ്ങൾ

പച്ചക്കറി വിളകളെ ബാധിക്കുന്ന വാട്ടം, വേരുചീയൽ, ഇലപുള്ളി രോഗങ്ങൾ, ഇഞ്ചിയുടെ അഴുകൽ, കുരുമുളകിന്റെ ദ്രുതവാട്ടം, വാനിലയുടെ ചുവട് അഴുകൽ, കൂമ്പു ചീയൽ, നെല്ലിന്റെ പോള രോഗം, പോളകരിച്ചിൽ തുടങ്ങിയവയെ പ്രതിരോധിക്കുന്നതിന് സ്യൂഡോമൊണാസ് ഫലപ്രദമാണ്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വെള്ളത്തിൽ കലർത്തി ചുവട്ടിൽ ഒഴിക്കുമ്പോൾ തടമൊന്നിന് ഒരു ലിറ്റർ വീതം ഒഴിക്കേണ്ടതാണ്.

• മണ്ണിൽ പ്രയോഗിക്കുമ്പോൾ ഈർപ്പവും ജൈവാംശവും ഉറപ്പു വരുത്തുക.

• രാസവളങ്ങൾ, ബ്ലീച്ചിംഗ് പൗഡർ, ആന്റിബയോട്ടിക്കുകൾ തുടങ്ങിയവയോടൊപ്പം ഉപയോഗിക്കരുത്. ഓരോ പ്രാവശ്യത്തെ ഉപയോഗത്തിനും കുറഞ്ഞത് 10-15 ദിവസത്തെ ഇടവേള നല്കണം.

• വൈകുന്നേര സമയത്ത് വെയിലിന്റെ ചൂട് കുറഞ്ഞതിനുശേഷം ചെടികളിൽ തളിക്കുന്നതാണ് കൂടുതൽ ഫലപ്രദം. 15-20 ദിവസം ഇടവിട്ട് തളിക്കുന്നതാണ് ഉത്തമം.

## 2. ട്രൈക്കോഡെർമ

മണ്ണിൽ നിന്നും വേർതിരിച്ചെടുക്കുന്ന ട്രൈക്കോഡെർമ വിറിഡെ എന്നയിനം മിത്രകുമിളാണിത്.

### ഉപയോഗക്രമം

ട്രൈക്കോഡെർമ ജൈവവളത്തോടൊപ്പമാണ് ഉപയോഗിക്കേണ്ടത്. ഒരു കിലോ ട്രൈക്കോഡെർമ, ഉണക്കിപ്പൊടിച്ച 100 കിലോ ചാണകപ്പൊടി-വേപ്പിൻ പിണ്ണാക്ക് മിശ്രിത(9:1 അനുപാതം)വുമായി വെള്ളം തളിച്ച് ഇളക്കിച്ചേർക്കുക. മിശ്രിതം ചെറിയ കൂനയാക്കി ഈർപ്പമുള്ള ചാക്കുപയോഗിച്ച് തണലുള്ള സ്ഥലത്ത് മൂടിയിടുക. ഒരാഴ്ചയ്ക്കുശേഷം ഈ മിശ്രിതം വീണ്ടുമിളക്കി ആവശ്യത്തിന് വെള്ളം തളിച്ച് ചെറിയ കൂനകൂട്ടി മൂടിയിടുക. ഇപ്രകാരം തയ്യാറാക്കിയ ട്രൈക്കോഡെർമ മിശ്രിതം സാധാരണ ജൈവവളം പോലെ തന്നെ ഉപയോഗിക്കാവുന്നതാണ്.

### പ്രയോജനങ്ങൾ

പച്ചക്കറി വിളകളിലെ ചുവടഴുകൽ, ഇഞ്ചിയുടെ മൂടുചീയൽ, കുരുമുളകിന്റെ ദ്രുതവാട്ടം എന്നിവയെ നിയന്ത്രിക്കുവാൻ ട്രൈക്കോഡെർമ ഫലപ്രദമാണ്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

•കുമിൾനാശിനിയോടൊപ്പം ട്രൈക്കോഡെർമ ഉപയോഗിക്കരുത്.

• കുമിൾനാശിനി ഉപയോഗിച്ചാൽ 15 ദിവസമെങ്കിലും കഴിഞ്ഞേ ട്രൈക്കോഡെർമ ഉപയോഗിക്കാൻ പാടുള്ളൂ.

• രാസവളത്തോടൊപ്പം ഉപയോഗിക്കരുത്.

• ജൈവവളത്തിൽ ചേർത്ത് മണ്ണിൽ ഈർപ്പമുള്ളപ്പോൾ ഉപയോഗിക്കുക.

• ചാരം കലർന്ന ജൈവവളത്തോടൊപ്പം ട്രൈക്കോഡെർമ ഉപയോഗിക്കരുത്.



## 3. ബ്യൂവേറിയ

ഇലതീനിപ്പുഴുക്കൾ, മുഞ്ഞ, ഇലപ്പേൻ, വെള്ളീച്ച, വേരുപുഴുക്കൾ തുടങ്ങിയ കീടങ്ങളെ നിയന്ത്രിക്കുവാൻ ഫലപ്രദമായ മിത്രകുമിളാണ് ബ്യൂവേറിയ.

### പ്രയോഗരീതി

ചെടികളിൽ തളിയ്ക്കുന്നതിനും മണ്ണിൽ ചേർക്കുന്നതിനും ഇത് ഉപയോഗിക്കാം. ചെടികളിൽ തളിയ്ക്കുന്നതിന് ഒരു കിലോ ബ്യൂവേറിയ 100 ലിറ്റർ വെള്ളത്തിൽ ചേർത്തിളക്കി (ഒരു ലിറ്റർ വെള്ളത്തിൽ 10 ഗ്രാം എന്ന തോതിൽ) അരിച്ചെടുത്ത് വൈകുന്നേരസമയത്ത് തളിയ്ക്കുക. മണ്ണിൽ ചേർക്കുന്നതിന് ഒരു കിലോ ബ്യൂവേറിയ 100 കിലോഗ്രാം ജൈവവളത്തിൽ ചേർത്തിളക്കി ഈർപ്പമുള്ള സമയത്ത് ചേർത്തു കൊടുക്കുക.

## 4. വെർട്ടിസീലിയം

വെർട്ടിസീലിയം ലീക്കാനി എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ മിത്രകുമിളുകൾക്ക് മണ്ഡരി, ഇലപ്പേൻ, ശല്ക്കകീടങ്ങൾ, ചിതലുകൾ, വേരുപുഴുക്കൾ എന്നിവയെ നിയന്ത്രിക്കുവാൻ കഴിവുണ്ട്.

### ഉപയോഗരീതികൾ

ചെടികളിൽ പ്രയോഗിക്കുന്നതിന് ഒരു കിലോ വെർട്ടിസീലിയം 100 ലിറ്റർ വെള്ളത്തിൽ ചേർത്തിളക്കി (10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അരിച്ചെടുത്ത ലായനി വൈകുന്നേര സമയത്ത് തളിയ്ക്കുക. മണ്ണിൽ ചേർക്കുന്നതിന് 10 സെന്റ് സ്ഥലത്തേക്ക് ഒരു കിലോ വെർട്ടിസീലിയം 100 കിലോ ജൈവവളവുമായി ചേർത്ത് ഈർപ്പമുള്ള മണ്ണിൽ ഇട്ടുകൊടുക്കുക.

## 5. പീസിലോമൈസസ്

വഴുതന, വെണ്ട, പയർ, വെള്ളരിവർഗ്ഗ പച്ചക്കറികൾ എന്നിവയെ ബാധിക്കുന്ന വേരുബന്ധ നിമാവിരകൾ, നെല്ലിനെ ബാധിക്കുന്ന സിസ്റ്റ് നിമാവിരകൾ, വാഴ, തെങ്ങ് എന്നിവയെ ബാധിയ്ക്കുന്ന നിമാവിരകൾ എന്നിവയെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മിത്രകുമിളാണ് പീസിലോമൈസസ്.

### ഉപയോഗരീതി

പ്രധാനമായും മണ്ണിൽ ചേർത്താണ് ഇത് ഉപയോഗിക്കുന്നത്. 95 കിലോ ജൈവവളം, രണ്ടു കിലോ വേപ്പിൻ പിണ്ണാക്ക്, രണ്ടു കിലോ മരോട്ടിപിണ്ണാക്ക്, ഒരു കിലോ പീസിലോമൈസസ് എന്നിവ ചേർത്തിളക്കി ഈർപ്പമുള്ള മണ്ണിൽ പ്രയോഗിക്കുക.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ബ്യൂവേറിയ, വെർട്ടിസീലിയം, പീസിലോമൈസസ് എന്നിവ ഉപയോഗിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

• രാസവളങ്ങൾ, രാസ കുമിൾനാശിനികൾ എന്നിവയുടെ കൂടെ ചേർത്തുപയോഗിക്കരുത്.

•വൈകുന്നേര സമയത്തു മാത്രം പ്രയോഗിക്കുക.

• മണ്ണിൽ പ്രയോഗിക്കുമ്പോൾ ആവശ്യത്തിന് ഈർപ്പം മണ്ണിൽ ഉണ്ടായിരിക്കണം.

---

# അറിയേണ്ടും വാർത്തകൾ

## സിംബാബ്‌വെയിലേക്ക് പണമൊഴുകുന്നു; പക്ഷേ, സർക്കാരിൽ വിശ്വാസമില്ല



*മുഗാബെ*

ഭരണനേതൃത്വത്തിന്റെ കെടുകാര്യസ്ഥതയും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും മൂലം സർവമേഖലകളും അസ്ഥിരപ്പെട്ട സിംബാബ്‌വെയിലേക്ക് ലോകരാഷ്ട്രങ്ങളുടെ സംഭാവനകൾ ഒഴുകുന്നു. പക്ഷേ എല്ലാ രാജ്യങ്ങളും പ്രസിഡണ്ട് റോബർട്ട് മുഗാബെയിൽ അവിശ്വാസം പരസ്യമായി തന്നെ രേഖപ്പെടുത്തുന്നു. അതിനാൽ സിംബാബ്‌വെയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് നേരിട്ടാണ് ഈ പണം കൈമാറുന്നത്. ജനങ്ങൾക്ക് സഹായം ഉറപ്പുവരുത്തുന്നതിനും പണം വകമാറ്റി ചിലവഴിക്കുന്നത് തടയുന്നതിനും വേണ്ടിയാണിത്.

ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൺ ബ്രൗണിനെ സന്ദർശിച്ച സിംബാബ്‌വെ പ്രധാനമന്ത്രി മോർഗൻ സാവൻഗിരെ, രാജ്യത്തിന് ഇപ്പോഴത്തെ അവസ്ഥയിൽ നിന്ന് കരകയറുവാൻ കഴിയുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു. കൂടാതെ ബ്രിട്ടണുമായി ബന്ധം പുനഃസ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള തന്റെ താത്പര്യവും മുന്നോട്ടുവച്ചു. സിംബാബ്‌വെയിൽ നിന്നും പലായനം ചെയ്ത് ബ്രിട്ടണിൽ അഭയം തേടിയ ജനങ്ങളോട് മാതൃരാജ്യത്തേക്ക് മടങ്ങിവരുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

കഴിഞ്ഞ 25 വർഷത്തിനിടെ ആദ്യമായാണ് ഇരുരാജ്യങ്ങളുടെയും പ്രധാനമന്ത്രിമാർ തമ്മിൽ ഔദ്യോഗികമായ ചർച്ച നടക്കുന്നത്. ഗോർഡൺ ബ്രൗൺ എട്ടു മില്യൺ ഡോളർ സഹായം കൂടി സിംബാബ്‌വെയ്ക്ക് നല്കുമെന്ന് പ്രഖ്യാപിച്ചു. ഇതിൽ 6.5 മില്യൺ ഡോളർ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനും ബാക്കിതുക സിംബാബ്‌വെയിലെ സ്കൂൾ കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ നല്കുന്നതിനുമാണ്.

| രാജ്യം | പ്രഖ്യാപിച്ച ധനസഹായം (മില്യൺ ഡോളറിൽ) |
|---|---|
| ആസ്ട്രേലിയ | 6.4 |
| ആഫ്രിക്കൻ രാഷ്ട്രങ്ങൾ | 650 |
| അമേരിക്ക | 73 |
| ജർമനി | 35 |
| ബ്രിട്ടൺ | 98 |



*സാവൻഗിരെ*

ഇതിനു പുറമേ ലോകബാങ്ക് 22 മില്യൺ ഡോളർ സഹായധനവും പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞത് എട്ടു ബില്യൺ ഡോളറെങ്കിലും രാജ്യത്തെ പ്രതിസന്ധികൾ തരണം ചെയ്യാൻ ആവശ്യമാണെന്നാണ് സിംബാബ്‌വെ സർക്കാർ പറയുന്നത്.

പ്രധാനമന്ത്രി മോർഗൻ സാവൻഗിരെയും പ്രസിഡണ്ട് റോബർട്ട് മുഗാബെയും തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ രൂക്ഷമാണ്. ഇതുമൂലം സിംബാബ്‌വെയിൽ ഭരണം സ്തംഭിച്ചിരിക്കുന്നു. ബിബിസി ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്ക് നിരോധനവും ഏർപ്പെടുത്തിയിരുന്നു. സിംബാബ്‌വെയിൽ ജനങ്ങൾക്ക് സർവവിധ സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടിരിക്കുന്നു എന്നും അത് പുറംലോകത്തെ അറിയിക്കുന്നതിൽ നിന്നും മാധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തിയിരിക്കുന്നു എന്നും ആംനെസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ടു ചെയ്തിരുന്നു.

പ്രസിഡണ്ട് റോബർട്ട് മുഗാബെയുടെ പാർട്ടിയായ സാനു പിഎഫ് പാർട്ടിയുടെ നിയന്ത്രണത്തിലാണ് സിംബാബ്‌വെയിലെ പോലീസ്. അവർ പ്രതിഷേധക്കാരെയും മനുഷ്യാവകാശ പ്രവർത്തകരെയും വ്യാപകമായി അറസ്റ്റു ചെയ്തിരുന്നു.

ഫ്ളാഷ് ബാക്ക്

തേക്കിൻകാട് ജോസഫ്

# ഖജുരാഹോവിലെ ശില്പങ്ങൾ

ഒരു ഡൽഹിയാത്ര. ഒരു കാലത്ത് സജീവമായിരുന്നു ഓതേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യയുടെ വാർഷിക സമ്മേളനത്തിൽ സംബന്ധിക്കാൻ പോവുകയാണ്. രാജേന്ദ്ര അപസ്തിയാണ് അതിന്റെ ജനറൽ സെക്രട്ടറി. അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാജിയുടെ അടുത്ത് നല്ല സ്വാധീനമുള്ള വ്യക്തി. സമ്മേളനത്തിന് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. അതിനാൽ മെംബർമാരായ എഴുത്തുകാർക്ക് സെക്കൻഡ് ക്ലാസ് യാത്രപ്പടി കിട്ടും.

പ്രശസ്തനാടകകൃത്ത് പി.ആർ.ചന്ദ്രനും കഥാകാരനായ എം.കെ. ചന്ദ്രശേഖരനുമാണ് എന്റെ സഹയാത്രികർ. ഡി.സി. കിഴക്കേമുറി, സി.കൃഷ്ണൻനായർ, എം.കെ. മാധവൻ നായർ, ഡോ. ചുമ്മാർതുടങ്ങി വേറെ എഴുത്തുകാരും വണ്ടിയിലുണ്ട്.

തീവണ്ടി മധ്യപ്രദേശിലെ ഗുണയിലെത്തി. സ്റ്റേഷനു ഒരു കിലോമീറ്റർ അകലെ വണ്ടി സിഗ്നൽ കാത്തുനിന്നു. ഒരു മണിക്കൂർ കഴിഞ്ഞിട്ടും വണ്ടിക്ക് അനക്കമില്ല എന്താണ് സംഭവിച്ചതെന്ന് ആർക്കുമറിയില്ല.

പെട്ടെന്നാണ് ഒരാശയം തലയിലുദിച്ചത്. ഇവിടെ യാത്ര മുറിക്കുക. എന്റെ ഇളയ സഹോദരി ആൻസി ഗുണയിലെ ഒരു മിഷൻ സ്കൂളിൽ അധ്യാപികയായി ജോലി നോക്കുന്നുണ്ട്. അവളെ ഒന്നു സന്ദർശിക്കാം. രാത്രി അവിടെ തങ്ങി. രാവിലെ പുറപ്പെട്ടാൽ ഖജുരാഹോ കാണാം. സമ്മേളനം തുടങ്ങാൻ ഇനി രണ്ടുദിവസം കൂടി ബാക്കിയുണ്ട്.

**ഇന്ത്യയിലെ അതിപ്രശസ്തരായ നർത്തകിമാരൊക്കെ ഖജുരാഹോവിലെ നൃത്തവേദി പങ്കിട്ടുണ്ട്. കേന്ദ്രവിനോദ സഞ്ചാരവകുപ്പ് പരസ്യം നല്കി വിദേശികളെവരെ ആകർഷിക്കുന്ന ഒന്നാണ് ഖജുരാഹോ ഡാൻസ് ഫെസ്റ്റിവൽ. വസന്തപൗർണമി നാളുകളിൽ നടക്കുന്ന ഈ നൃത്തമേളയിലെ അന്നത്തെ മുഖ്യ ആകർഷണം മൃണാളിനി സാരാഭായി ആയിരുന്നു.**

പിന്നെയൊന്നും ആലോചിച്ചില്ല. ഞങ്ങൾ മൂവരും ചേർന്ന് എല്ലാം പെറുക്കിയെടുത്ത് തിടുക്കത്തിൽ വണ്ടിയിൽ നിന്നും ചാടിയിറങ്ങി. പെട്ടിയും തൂക്കി പാളത്തിലൂടെ സ്റ്റേഷൻ വരെ നടന്നു. അവിടെ നിന്ന് ഒരു റിക്ഷ വിളിച്ച് സഹോദരി താമസിക്കുന്ന കോൺവെന്റ് ലക്ഷ്യമാക്കി യാത്ര തിരിച്ചു. അവിചാരിതമായി കണ്ടുമുട്ടിയപ്പോൾ സഹോദരിക്ക് അദ്ഭുതം.

കോൺവെന്റിലെ സിസ്റ്റേഴ്സിൽ ഭൂരിപക്ഷവും മലയാളികളാണ്. അവരുടെ ഊഷ്മളമായ സ്വീകരണം ഏറ്റുവാങ്ങി ഞങ്ങൾ മൂന്നാളും രാത്രി സ്കൂളിൽ തങ്ങി.

രാവിലെ തന്നെ ഖജുരാഹോ ലക്ഷ്യമാക്കി യാത്ര തിരിച്ചു. തനി ഗ്രാമീണരാണ് സഹയാത്രികർ. ഠാക്കൂർമാരുടെ വയലുകളിൽ പണിയെടുക്കാൻ പോകുന്നവർ. അവർക്കു തിന്നാനുള്ള ഉണക്കച്ചപ്പാത്തി ഇലയിൽ പൊതിഞ്ഞ് കൈയിലുണ്ട്. കുടിക്കാനുള്ള വെള്ളം വലിയൊരു മൺകുടത്തിൽ കരുതിയിട്ടുണ്ട്. ബസിന്റെ സൈഡിൽ മാത്രമേ സീറ്റുള്ളു. ബാക്കി സ്ഥലം ഒഴിച്ചിട്ടിരിക്കുകയാണ്. സീറ്റുകളിൽ ഞങ്ങളെപ്പോലെ കുറച്ചു മാന്യന്മാർ. ഗ്രാമീണർ തറയിൽ കുത്തിയിരിപ്പാണ്. വെള്ളം നിറച്ച കുടം കരുതലോടെ താങ്ങിപ്പിടിച്ചിരിക്കുന്നു.

ഉണ്ടക്കല്ലുകളും ചെമ്മണ്ണും നിറഞ്ഞ കാട്ടുപാതയിലൂടെയാണ് ബസിന്റെ പ്രയാണം. ഠാക്കൂർമാരെ വധിക്കുകയും ഗ്രാമങ്ങൾ കൊള്ളയടിക്കുകയും ചെയ്യുന്ന ഫൂലൻദേവിയെയും സംഘത്തെയും കുറിച്ച് പത്രങ്ങളിൽ ധാരാളം വായിച്ചിരിക്കുന്നു. ഉള്ളിൽ നേരിയ ഭയം തോന്നി. പാത തീർത്തും വിജനമാണ്. മനുഷ്യവാസമില്ലാത്ത പ്രദേശം. ഇരുവശത്തും കാട്ടുമരങ്ങൾ. ബസ് മൈലുകൾ താണ്ടിക്കഴിയുമ്പോഴാണ് ഒരു ഗ്രാമം ദൃശ്യമാകുന്നത്. കൊള്ളക്കാരുടെ കൈയിലെങ്ങാനും അകപ്പെട്ടാലുള്ള അവസ്ഥ അചിന്തനീയമാണ്. ഇറങ്ങിത്തിരിക്കേണ്ടിയിരുന്നില്ല എന്നുവരെ തോന്നി. കാണിച്ചത് മടയത്തരമായിപ്പോയോ? ഖജുരാഹോ സന്ദർശിക്കാനുള്ള ആവേശത്തിൽ വിവേകം കൈവിട്ടുപോയോ? വഴിയിൽ അപകടം ഒന്നും സംഭവിക്കല്ലേ! എന്നു മനസ്സിൽ പ്രാർത്ഥിച്ചു. വൈകുന്നേരമായപ്പോഴേക്കും ഖജുരാഹോയിലെത്തി.

ഖജുരാഹോവിലെ രതിശില്പങ്ങളെക്കുറിച്ചും കല്ലിൽ കൊത്തിയ കവിത പോലെ രൂപഭംഗിയാർന്ന ക്ഷേത്രസമുച്ചയങ്ങളെക്കുറിച്ചും ധാരാളം വായിച്ചിരിക്കുന്നു. ചില പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. ചില സിനിമകളിലും കണ്ടിരിക്കുന്നു; മനോഹരമായ ആ ദൃശ്യങ്ങൾ. അതുകൊണ്ട് ആകാംക്ഷ മുറ്റിയ മനസ്സുമായിട്ടാണ് ഖജുരാഹോവിൽ എത്തിച്ചേർന്നത്.

ഖജുരാഹോവിൽ ഡാൻസ് ഫെസ്റ്റിവൽ നടക്കുകയാണ്. അതുകൊണ്ട് ഹോട്ടലുകളിൽ റൂമൊന്നും ഒഴിവില്ല. താജ് റസിഡൻസിൽ റൂം കാണും. പക്ഷേ, അവിടെ താമസിക്കാനുള്ള പാങ്ങില്ല.

ഇന്ത്യയിലെ അതിപ്രശസ്തരായ നർത്തകിമാരൊക്കെ ഖജുരാഹോവിലെ നൃത്തവേദി പങ്കിട്ടുണ്ട്. കേന്ദ്രവിനോദ സഞ്ചാരവകുപ്പ് പരസ്യം നല്കി വിദേശികളെവരെ ആകർഷിക്കുന്ന ഒന്നാണ് ഖജുരാഹോ ഡാൻസ് ഫെസ്റ്റിവൽ. വസന്തപൗർണമി നാളുകളിൽ നടക്കുന്ന ഈ നൃത്തമേളയിലെ അന്നത്തെ മുഖ്യ ആകർഷണം മൃണാളിനി സാരാഭായി ആയിരുന്നു. അവരുടെ നൃത്തം കാണണം. ഒപ്പം നിലാവിന്റെ നനുത്ത മൂടുപടമണിഞ്ഞു നില്ക്കുന്ന ഖജുരാഹോ ക്ഷേത്രം കാണുകയും ചെയ്യണം. നേർത്ത നിലാവിലും തണുപ്പിലും ഇഴുകിച്ചേർന്നു നില്ക്കുന്ന രതിശില്പങ്ങൾ കണ്ടാസ്വദിക്കണം. ഇതൊക്കെ മനസ്സിന്റെ മോഹങ്ങളാണ്.

ഉത്തരേന്ത്യ കടുത്ത തണുപ്പിൽ അമർന്നിരിക്കുന്ന സമയമാണ്. അതുകൊണ്ട് നൃത്താസ്വാദനത്തിനു ശേഷം ഏതെങ്കിലും ഹോട്ടലിൽ അന്തിയുറങ്ങുകയേ പറ്റൂ. പിറ്റേദിവസമേ ഡൽഹിയാത്ര തരപ്പെടുകയുള്ളു. ഏതിനും പെട്ടെന്ന് തീരുമാനമെടുക്കാൻ വൈദഗ്ധ്യമുള്ള ആളാണ് പി.ആർ. ചന്ദ്രൻ. ഇന്ത്യയിൽ എവിടെച്ചെന്നാലും അദ്ദേഹത്തിന്റെ ബന്ധുക്കളോ സുഹൃത്തുക്കളോ ആയ മലയാളികൾ കാണും.

ഞങ്ങൾ ക്ഷേത്രത്തിലേക്കു നടക്കുന്ന വഴി ഒരു നിമിഷം ചന്ദ്രൻ നിന്നു. എന്നിട്ടു പറഞ്ഞു.

എന്റെ ഒരനന്തിരവന്റെ ഭാര്യാസഹോദരൻ സുധാകരൻ ടാജ് റസിഡൻസിയിൽ ജോലി ചെയ്യുന്നുണ്ട്. ഇവിടെയാണോയെന്ന് തിരക്കാം നമുക്ക്.

ഞങ്ങൾ പിന്തിരിഞ്ഞ് താജ് റസിഡൻസിക്കു നേരേ നടന്നു. ഭാഗ്യം ഞങ്ങളുടെ പക്ഷത്തായിരുന്നു. റിസപ്ക്ഷനിൽ തിരക്കിയപ്പോൾ ആളിനെ പിടികിട്ടി. കിച്ചണിലെ പ്രധാന ഷെഫുമാരിലൊരാളാണ്. ആൾ ഡ്യൂട്ടിയിലാണ്.

വിവരമറിഞ്ഞ് പുറത്തുവന്ന അദ്ദേഹം ഉറപ്പു തന്നു. "ചേട്ടനൊന്നും കൊണ്ടും പേടിക്കേണ്ട. ക്ഷേത്രം പോയി കണ്ടിട്ടു വന്നാട്ടെ. ലഗേജൊക്കെ ഞാൻ കൈകാര്യം ചെയ്തോളാം. ഭക്ഷണം ഇവിടെ വന്നു കഴിക്കാം. അതുകഴിഞ്ഞ് ഡാൻസിനൊക്കൊ പോയി വരുമ്പോഴേക്കും താമസിക്കാനൊള്ള ഏർപ്പാടൊക്കെ ഞാൻചെയ്യും. പോയി വന്നാട്ടെ." ഇത് പറഞ്ഞു തീർന്നതും ആൾ സ്ഥലം വിട്ടു.

വാത്സ്യായനന്റെ രതിസങ്കല്പങ്ങൾക്ക് കരിങ്കല്ലിൽ സാക്ഷാത്കാരം നടത്തിയ അജ്ഞാതശില്പിയെ നമിക്കാതെ വയ്യ. അത്ര ഹൃദയാവർജകമായിരിക്കുന്നു, ആ ശില്പങ്ങൾ. ആയിരക്കണക്കിനു കലാകാരന്മാരുടെ അത്യധ്വാനത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ജീവവായു ഈ അന്തരീക്ഷത്തിൽ ഇപ്പോഴും തുടിച്ചുനില്ക്കുന്നുണ്ട് എന്നെനിക്കു തോന്നി. കൊത്തുപണികൾക്കും സ്തൂപങ്ങൾക്കുമിടയിൽ വിജൃംഭിച്ചു നില്ക്കുന്ന ഈ ശില്പങ്ങളിൽ നിന്നും രതിഭാവം സന്ദർശകരിലെ സഹൃദയർക്ക് എളുപ്പം ഒപ്പിയെടുക്കാൻ കഴിയും. നറുംനിലാവിൽ അതിന്റെ ഭംഗി ഒന്നു വേറെ തന്നെ. ക്ഷേത്രസമുച്ചയങ്ങൾ ചുറ്റിനടന്നു കണ്ട് സമയം പോയതറിഞ്ഞില്ല. തിരികെ ഹോട്ടലിൽ എത്തുമ്പോൾ അവരുടെ സ്റ്റാഫ് മെസ്സിൽ ഞങ്ങൾക്ക് സമൃദ്ധമായ ഭക്ഷണം റെഡി.

മൃണാളിനിയുടെ അപൂർവസുന്ദരങ്ങളായ ചുവടുവയ്പുകളും ലാസ്യഭാവങ്ങളും താളനിബദ്ധമായ നൂപുരധ്വനികളും തൊട്ടപ്പുറത്തെ രതിശില്പങ്ങളും ഉൾച്ചേർന്ന ആ ലാസ്യവിലാസരാവിനെ ഒരിക്കലും മറക്കാനാവില്ല.

പിറ്റേദിവസം തിരികെ ബസ് പിടിച്ച് ഝാൻസിയിലെത്തി. ഡൽഹിക്കു വണ്ടി കയറി. ഡൽഹിയിലെ തണുത്തുറഞ്ഞ അന്തരീക്ഷത്തിലേക്ക് ചെന്നിറങ്ങുമ്പോൾ ന്യൂസ് പേപ്പർ സ്റ്റാൻഡിൽ നിന്നും ഒരു പത്രം വാങ്ങി. വാർത്തകളിലൂടെ കണ്ണുപരതുമ്പോൾ ഒരു വാർത്തയിൽ കണ്ണുടക്കി. ഞങ്ങൾ യാത്ര ചെയ്ത റൂട്ടിലെ ഒരു ബസ്സിലെ മുഴുവൻ യാത്രക്കാരെയും ഫൂലൻദേവിയുടെ ആൾക്കാർ പിടിച്ചുകൊണ്ടുപോയിരിക്കുന്നു !

ഞങ്ങളുടെ ലഗേജുകൾക്കോ പേഴ്സുകൾക്കോ കനം കുറവായിരുന്നെങ്കിലും ഞങ്ങളുടെ ജീവന് വിലമതിക്കാതിരിക്കാൻ കഴിയില്ലല്ലോ? മനസ്സിന്റെ ഏതോ കോണിൽ നിന്നൊരു നെടുവീർപ്പുയർന്നു പുറത്തുചാടി.



*ഖജുരാഹോവിലെ ക്ഷേത്രം*

**ഡൽഹിയിലെ തണുത്തുറഞ്ഞ അന്തരീക്ഷത്തിലേക്ക് ചെന്നിറങ്ങുമ്പോൾ ന്യൂസ് പേപ്പർ സ്റ്റാൻഡിൽ നിന്നും ഒരു പത്രം വാങ്ങി. വാർത്തകളിലൂടെ കണ്ണുപരതുമ്പോൾ ഒരു വാർത്തയിൽ കണ്ണുടക്കി. ഞങ്ങൾ യാത്രചെയ്ത റൂട്ടിലെ ഒരു ബസ്സിലെ മുഴുവൻ യാത്രക്കാരെയും ഫൂലൻദേവിയുടെ ആൾക്കാർ പിടിച്ചുകൊണ്ടുപോയിരിക്കുന്നു!**

CYAN MAGENTA YELLOW BLACK

# അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ

ഇതാണു നിയമം

അഡ്വ. ചാർളി പോൾ
എംഎ, എൽഎൽബി, ഡിഎസ്എസ്

അന്താരാഷ്ട്ര തൊഴിൽസംഘടന (ILO)തൊഴിൽ മേഖലയെ ഔപചാരികം (Formal), അനൗപചാരികം (Informal) എന്നിങ്ങനെ രണ്ടായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഇതിനെ സംഘടിതം (Organised), അസംഘടിതം (Unorganised) എന്നിങ്ങനെയും തിരിച്ചിരിക്കുന്നു.

ഇന്ത്യയിൽ 45.8 കോടി തൊഴിലാളികൾ ഉണ്ടെന്നാണ് സർക്കാരിന്റെ സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നത്. ഇവരിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. അസംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെയും സാമൂഹിക സുരക്ഷയില്ലാത്ത സംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരെയുമാണ് "അസംഘടിത തൊഴിലാളികൾ" (Unorganised Workers)എന്ന് വിവക്ഷിക്കുന്നത്.

നമ്മുടെ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 65 ശതമാനവും കയറ്റുമതിയുടെ 40 ശതമാനവും അസംഘടിത തൊഴിലാളികളുടെ സംഭാവനയാണ്.

ഇന്ത്യൻ പാർലമെണ്ട് അസംഘടിത തൊഴിലാളികളുടെ സുരക്ഷയ്ക്കായി 2008 ഡിസംബർ 17ന് ഒരു നിയമം പാസ്സാക്കി. "അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ നിയമം- 2008." 2008 ഡിസംബർ 30ന് ഈ നിയമം നിലവിൽ വന്നു. ചട്ടങ്ങൾ രൂപപ്പെട്ടുവരുന്നതേയുള്ളൂ. ഈ നിയമം അസംഘടിത തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പു നല്കുന്നു.

കേരളത്തിലെ തൊഴിലാളികളിൽ 80 ശതമാനം പേർ അസംഘടിത തൊഴിലാളികളാണ്. ഇവരുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷയ്ക്കുമായി സംസ്ഥാന സർക്കാർ 25ൽ പരം ക്ഷേമ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്. ഏതാണ്ട് എല്ലാ വിഭാഗങ്ങൾക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

ക്ഷേമനിധിയിൽ അംഗമാകുന്നതുവഴി പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, സാന്ത്വന ധനസഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം, പ്രസവാനുകൂല്യം, സ്കോളർഷിപ്പ്, ഭവനനിർമ്മാണ വായ്പ, മരണാനന്തര സഹായം, അപകടമരണ സഹായം, എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്, ഇൻഷുറൻസ്, റിട്ടയർമെണ്ട് ആനുകൂല്യം, മാരകരോഗ ചികിത്സ തുടങ്ങി നിരവധിയായ ആനുകൂല്യങ്ങൾ നേടാനാകും. വിവിധ ക്ഷേമനിധികൾ വ്യത്യസ്തമായ ആനുകൂല്യങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്.

## അസംഘടിത തൊഴിലാളികളും ക്ഷേമനിധികളും

ഏതുവിഭാഗം നിർമാണ തൊഴിൽ ചെയ്യുന്നവർക്കും അംഗമാകാവുന്ന ക്ഷേമനിധിയാണ് **നിർമാണ തൊഴിലാളി ക്ഷേമനിധി.** 27 വിഭാഗം തൊഴിലാളികൾക്ക് ഇതിൽ അംഗമാകാം. വിലാസം: കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, നിർമാണ ഭവൻ, മേട്ടുക്കട, തൈക്കാട് പി.ഒ. തിരുവനന്തപുരം- 695014 ഫോൺ : 0471 – 2337942, 2337941, ഫാക്സ്: 0471–2337944.

**കൈത്തൊഴിലാളികൾക്കും വിദഗ്ധ തൊഴിലാളികൾക്കുമുള്ള ക്ഷേമപദ്ധതി** 1986ൽ രൂപംകൊണ്ടു. 1991ൽ പൂർണതോതിൽ പ്രവർത്തനമാരംഭിച്ചു. വിലാസം: കേരള കൈത്തൊഴിലാളി - വിദഗ്ധ തൊഴിലാളി ക്ഷേമനിധി ബോർഡ് കുന്നുംപുറം റോഡ്, വഞ്ചിയൂർ പി.ഒ. തിരുവനന്തപുരം-690035. ഫോൺ : 0471 –2463769

മത്സ്യത്തൊഴിലുമായി ബന്ധപ്പെട്ട ആ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻപേർക്കും അംഗമാകാവുന്ന ക്ഷേമനിധിയാണ് **മത്സ്യത്തൊഴിലാളി ക്ഷേമനിധി.** (മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതിയും മത്സ്യബന്ധന അനുബന്ധ തൊഴിലാളി ക്ഷേമപദ്ധതിയും ഉൾപ്പെടുന്ന ക്ഷേമനിധിയാണിത്. വിലാസം- കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, അയ്യപ്പനഗർ, പൂങ്കുന്നം, തൃശൂർ-680002, ഫോൺ: 0487-2383053, ഫാക്സ് : 0487 –2383053.

കേരളത്തിലെ അസംഘടിത മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് കാർഷികരംഗം. കർഷകർക്കായി 1990ൽ **കർഷകത്തൊഴിലാളി ക്ഷേമനിധി** പ്രാബല്യത്തിൽ വന്നു. വിലാസം: കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കാഞ്ഞാണി റോഡ്, എസ്.എൻ. പാർക്ക്, പൂത്തോൾ പി.ഒ., തൃശൂർ –680004, ഫോൺ : 0487-2386871.

കേരളത്തിലെ മോട്ടോർ തൊഴിലാളികളുടെ ഭാവിഭദ്രത ഉറപ്പുവരുത്താൻ രൂപം കൊണ്ടതാണ് **മോട്ടോർ തൊഴിലാളി ക്ഷേമനിധി.** വിലാസം: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഹരിശ്രീ MWRA-14, കൊച്ചുപിലാമൂട്, കൊല്ലം -691001, ഫോൺ: 0474 - 2742818, 2741288

കയർ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി **കയർത്തൊഴിലാളി ക്ഷേമനിധി** 1989ൽ നിലവിൽ വന്നു. 1998ൽ ഈ ക്ഷേമപദ്ധതിയെ നവീകരിച്ചു. വിലാസം: കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആലപ്പുഴ- 01, ഫോൺ: 0477-2251577, 2241740.

തയ്യൽ തൊഴിലാളികൾക്കായി 1995 ഒക്ടോബർ 16ന് **തയ്യൽ തൊഴിലാളി ക്ഷേമനിധി** നിലവിൽ വന്നു. വിലാസം: കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, T.C No. 2/2447 കേരള ഭവനനിർമാണ ബോർഡ് സി. ആർ കോംപ്ലക്സ് പട്ടം പി.ഒ., തിരുവനന്തപുരം - 695004. ഫോൺ 0471 –2448791, 2448592.

**വ്യാപാര-വാണിജ്യസ്ഥാപന തൊഴിലാളി ക്ഷേമനിധി** 2007 മാർച്ച് 15 മുതൽ നിലവിൽ വന്നു. വിലാസം: കേരള ഷോപ്സ് & കമേഴ്സൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളിക്ഷേമനിധി ബോർഡ്, രാജധാനി ബിൽഡിംങ്, കിഴക്കേക്കോട്ട, തിരുവനന്തപുരം- 695023, ഫോൺ: 0471 – 2572189, 2572507

**ബാർബർ-ബ്യൂട്ടിഷൻ തൊഴിലാളി ക്ഷേമനിധി** 2004 ജനുവരി 3ന് നിലവിൽ വന്നു. വിലാസം: കേരള ബാർബർ -ബ്യൂട്ടിഷൻ വർക്കേഴ്സ് വെൽഫെയർ സ്കീം, T.C No. 28/2857(1) ലേബർ വെൽഫെയർ ഫണ്ട് ബിൽഡിംഗ്, തോപ്പിൽ ലെയിൻ, കുന്നുംപുറം റോഡ്, വഞ്ചിയൂർ പി.ഒ. തിരുവനന്തപുരം - 695035, ഫോൺ: 0471- 2463769.

**അലക്കുതൊഴിലാളി ക്ഷേമനിധി** 2004ൽ നിലവിൽ വന്നു. വിലാസം: കേരള അലക്കുതൊഴിലാളി ക്ഷേമനിധി, ലേബർ വെൽഫെയർ ഫണ്ട് ബിൽഡിംഗ്, തോപ്പിൽ ലെയിൻ, കുന്നുംപുറം റോഡ് വഞ്ചിയൂർ തിരുവനന്തപുരം - 695035, ഫോൺ: 0471 –2463769.

**ഓട്ടോ മൊബൈൽ വർക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി** 2004ൽ ആരംഭിച്ചു വിലാസം: കേരള ആട്ടോ മൊബൈൽ വർഷോപ്പ് തൊഴിലാളി ക്ഷേമനിധി. ഹരിശ്രീ MWRA-14, കൊച്ചുപിലാമൂട്, കൊല്ലം -691001 ഫോൺ: 0471 –2742818, 2741288.

**ലോട്ടറി ഏജന്റ് & സെല്ലേഴ്സ് ക്ഷേമനിധി** 2008ൽ പുതുക്കി നിലവിൽ വന്നു. വിലാസം: കേരള സംസ്ഥാന ലോട്ടറി ഏജന്റ് &സെല്ലേഴ്സ് ക്ഷേമനിധി. T.C No. 14/2132(3) സണ്ണി മീഡ്സ് ലെയിൻ, പാളയം, യൂണിവേഴ്സിറ്റി പി. ഒ., തിരുവനന്തപുരം- 695034

**അംഗൻവാടി വർക്കേഴ്സ്&ഹെൽപ്പേഴ്സ് ക്ഷേമനിധി** 1992 ഏപ്രിൽ 10 ന് നിലവിൽ വന്നു. വിലാസം: കേരള സംസ്ഥാന അംഗൻവാടി വർക്കേഴ്സ് ഹെൽപ്പേഴ്സ് ക്ഷേമനിധി ഫണ്ട്, വികാസ്ഭവൻ, തിരുവനന്തപുരം -695003 ഫോൺ: 0471- 2302887

**ചുമട്ട് തൊഴിലാളി ക്ഷേമനിധി** 1981 മെയ് 20ന് നിലവിൽ വന്നു. വിലാസം- കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് SRM റോഡ്, എറണാകുളം - 682018 ഫോൺ : 0484- 2401448, 2401090 ഫാക്സ്- 2400644.

**ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി** 1999 ഡിസംബറിൽ നിലവിൽ വന്നു. വിലാസം: കേരള ബാംബു, കാട്ടുവള്ളി, പനയോല തൊഴിലാളി ക്ഷേമനിധി ബോർഡ്, അങ്കമാലി സൗത്ത് പി.ഒ., 683583, ഫോൺ: 0484– 2454443.

**ഖാദി തൊഴിലാളി ക്ഷേമനിധി** 1990 ഏപ്രിൽ 5ന് നിലവിൽ വന്നു. വിലാസം: കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് വഞ്ചിയൂർ, തിരുവനന്തപുരം 6950035, ഫോൺ- 0471- 2470443.

**കശുവണ്ടി തൊഴിലാളി ക്ഷേമനിധി** 1988ൽ നിലവിൽ വന്നു. വിലാസം: കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം- 691001, ഫോൺ : 0474- 2740942.

>> 12

# അറിയേണ്ടും വാർത്തകൾ

## കഠിനദൗത്യമേറ്റെടുത്ത് അകിയോ ടൊയോഡ

## ടൊയോട്ടയുടെ പുതിയ സാരഥി



ജപ്പാനിലെ ഏറ്റവും വലിയ കാർനിർമാണ കമ്പനിയായ ടൊയോട്ടയെ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ലാത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി വീണ്ടും പ്രതാപത്തിലേക്കു നയിക്കുക എന്ന അത്യന്തം കഠിനമായ ദൗത്യവും പേറി അമ്പത്തിമൂന്നുകാരനായ അകിയോ ടൊയോഡ കമ്പനിയുടെ പ്രസിഡണ്ട് പദമേറ്റെടുത്തു. മാർച്ച് 31ന് അവസാനിച്ച 2008-2009 സാമ്പത്തികവർഷം കമ്പനിയുടെ നഷ്ടം 4.6 മില്യൺ ഡോളർ (207 കോടി രൂപ) ആയിരുന്നു.

ടൊയോട്ടയുടെ ചരിത്രത്തിലെ ഏറ്റവും വലിയ നഷ്ടകണക്കാണിത്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ കെടുതി ജപ്പാന്റെ അഭിമാനമായ ടൊയോട്ടയെയും അടിമുടി ഉലച്ചിരിക്കുന്നു.

ബ്രിട്ടണിലെ പ്ലാന്റിലുൾപ്പെടെ കമ്പനി തങ്ങളുടെ ഉത്പാദനത്തിൽ കുറവുവരുത്തിയിരുന്നു. സ്ഥാനമൊഴിഞ്ഞ പ്രസിഡണ്ട് കത്സൂകി വടനബെയാണ് 2005 മുതൽ കമ്പനിയെ നയിച്ചത്.



1937ൽ കീച്ചിറോ ടൊയോഡയാണ് കമ്പനി സ്ഥാപിച്ചത്. പക്ഷേ, അദ്ദേഹം കമ്പനിക്ക് നല്കിയ പേര് ടൊയോട്ട എന്നായിരുന്നു. കീച്ചിറോ ടൊയോഡയുടെ ചെറുമകനാണ് പ്രസിഡണ്ടു പദമേറ്റെടുത്ത അകിയോ ടൊയോഡ.

## ബ്രിട്ടണിൽ ഏഴായിരം പേർ കാത്തിരിക്കുന്നു; വൃക്കയ്ക്കായി



ബ്രിട്ടണിൽ അടിയന്തിരമായി വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടവരായി ഏഴായിരം പേർ വിവിധ ആശുപത്രികളിലുണ്ട്. എന്നാൽ വൃക്കയുടെ ലഭ്യത ഒരു വലിയ പ്രശ്നമായി വെല്ലുവിളി ഉയർത്തുന്നു. ദി ഹ്യൂമൺ ടിഷ്യൂ അതോറിട്ടി(എച്ച്.ടി.എ)യാണ് വൃക്കയുടെ സ്വീകാര്യതയെ സംബന്ധിച്ചും മറ്റും തീരുമാനമെടുക്കുന്ന ഔദ്യോഗിക ബോഡി.

വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളിൽ എച്ച്.ടി.എ. 2006 അവസാനം മാറ്റങ്ങൾ വരുത്തിയിരുന്നു.

അപകടങ്ങളിൽപെട്ടോ മറ്റോ മരണത്തിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്നവരുടെ വൃക്കയെക്കാൾ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയുന്നത് ആരോഗ്യമുള്ളവരിൽ നിന്നും സ്വീകരിക്കുന്ന വൃക്കകൾക്കാണ്. 2007ൽ ഈ വിധത്തിൽ ബന്ധുക്കളിൽ നിന്നും മറ്റും സ്വീകരിക്കപ്പെട്ടത് 961 വൃക്കകളാണ്. എന്നാൽ 2008ൽ ഇത് 1008 ആയി വർധിച്ചതായും എച്ച്.ടി.എ. സാക്ഷ്യപ്പെടുത്തുന്നു.

CYAN MAGENTA YELLOW BLACK



# ബാലലോകം

## സിപ്പിയങ്കിളും കുട്ട്യോളും

# തളരാതെ തളരാതെ മുന്നേറുക

*പ്രിയ കൂട്ടുകാരേ,*

നിരന്തരമായ പരിശ്രമത്തിലൂടെ മാത്രമേ നമുക്ക് ജീവിതവിജയം നേടിയെടുക്കാൻ കഴിയൂ. പണി തീരാത്ത വീട്ടിൽ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലിരുന്ന് പഠിച്ച് ഏറ്റവും മികച്ച വിജയം നേടുന്ന എത്രയോ കുട്ടികൾ ഇന്നും നമ്മുടെ സമൂഹത്തിലുണ്ട്!

അങ്കമാലിക്കടുത്ത് മൂക്കന്നൂരിലെ ഒരു കൂലിവേലക്കാരന്റെ മകളാണ് കൃഷ്ണമോൾ. മൂക്കന്നൂരിലെ ഒരു സർക്കാർ സ്കൂളിലാണ് ഈ കുട്ടി പഠിച്ചത്. ട്യൂഷനുപോകാനുള്ള സാഹചര്യമുണ്ടായിരുന്നില്ല. വൈദ്യുതിയില്ലാത്ത കുടുസുമുറിയിലിരുന്ന് ഏകാഗ്രമായ മനസ്സോടെ കൃഷ്ണമോൾ പഠിച്ചു. പ്ലസ്ടു പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ 600ൽ 586 മാർക്കുനേടി അവൾ നാടിനും വീടിനും വിദ്യാലയത്തിനും അഭിമാനമായി.

കൃഷ്ണമോളെപ്പോലെ പ്രതികൂലസാഹചര്യങ്ങളെയും പ്രതിബന്ധങ്ങളെയും തട്ടി മുന്നോട്ട് പോകാനുള്ള കരുത്താണ് കുഞ്ഞുംനാൾ മുതല്ക്കേ നാം നേടിയെടുക്കേണ്ടത്. അതാണ് ശരിയായ ജീവിത മുന്നേറ്റം.

സ്വന്തമായി, ഒരു മണ്ണെണ്ണവിളക്കു പോലുമില്ലാത്തതിനാൽ തെരുവുവിളക്കിന്റെ ചോട്ടിൽ പോയിരുന്ന് പുസ്തകങ്ങൾ ആവേശത്തോടെ വായിച്ചുതീർത്ത ഗോപാലകൃഷ്ണഗോഖലെ പില്ക്കാലത്ത് ഭാരതീയരുടെ കണ്ണിലുണ്ണിയായിത്തീർന്നു.

കടത്തുകൂലി കൊടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ പുസ്തകസഞ്ചി പുറത്തുവച്ചുകെട്ടി ഗംഗാനദി നീന്തിക്കടന്ന കൊച്ചു ബാലനാണ് കാലാന്തരത്തിൽ ഭാരതത്തിന്റെ പ്രധാനമന്ത്രിയായിത്തീർന്ന ലാൽ ബഹദൂർ ശാസ്ത്രി!

നല്ലൊരുടുപ്പോ കുടയോ ചോറുപാത്രമോ ഇല്ലാതെ, നാട്ടിൻപുറത്തെ സർക്കാർ വിദ്യാലത്തിൽപോയി പഠിച്ച കോച്ചേരി രാമൻ നാരായണനാണ് ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനത്തുവരെ എത്തിയ കെ.ആർ.നാരായണൻ.

അർജന്റീനയിലെ ചേരിപ്രദേശത്തു ജനിച്ചുവളർന്ന് സ്വന്തമായി ഒരു പന്തുവാങ്ങാൻ പോലും കഴിവില്ലാതെ വിഷമിച്ച മറഡോണയാണ് ലോകത്തിലെ ഒന്നാംകിട ഫുട്ബോൾ താരമായി ചരിത്രത്തിൽ സ്ഥാനം പിടിച്ചത്.

പഠനത്തിൽ പിന്നോക്കമായതുകൊണ്ട് സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട തോമസ് ആൽവാ എഡിസനാണ് നിരന്തരമായ പരിശ്രമത്തിലൂടെ ശാസ്ത്രലോകത്തെ ചക്രവർത്തിയായത്. അതുകൊണ്ട് കുട്ടിക്കാലം മുതൽ തന്നെ നിങ്ങൾ പരിശ്രമിക്കുക; വീണ്ടും പരിശ്രമിക്കുക; തളരാതെ പരിശ്രമിക്കുക.

“പരിശ്രമം ചെയ്യുകിലേതിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നല്കിയത്രെ
മനുഷ്യരെപ്പാരിലയച്ചതീശൻ!”

എന്ന കെ.സി.കേശവപിള്ളയുടെ പദ്യശകലം നാം എപ്പോഴും ഓർമിക്കുക.

*സസ്നേഹം*

**സിപ്പിയങ്കിൾ**

## കുട്ടിക്കവിത



### അക്ഷരഗാനം

**അ**

*“അമ്മേ നമ്മുടെ മാനത്ത്*
*മുത്തുകൾ പാകിയതാരാണ്?”*
*അമ്മ മൊഴിഞ്ഞു: “പൊൻ മകനേ*
*ഈശ്വരനല്ലോ സ്രഷ്ടാവ്!”*

**മാത്യു കാരാംവേലി**

# സ്വർണ്ണവിളക്ക്

കാട്ടുമനുഷ്യരുടെ ഓരോ ചലനവും നോക്കി ലാവോസ് വീർപ്പടക്കിയിരുന്നു. വീർത്തിരുന്ന പാമ്പിന്റെ വയറിൽ തടവിക്കൊണ്ട് അവർ ഏതോ ഭാഷയിൽ എന്തൊക്കെയോ പിറുപിറുത്തു. അവരുടെ മുഖം സന്തോഷം കൊണ്ട് തുടിക്കുന്നത് കണ്ടു. പിന്നെ അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ‘എല്ലാവരും ഓടിവരിൻ. പാമ്പിന്റെ വയറ്റിൽ സ്വർണവിളക്ക്!

അവർ കൈയിലിരിക്കുന്ന ആയുധങ്ങൾ ഉപേക്ഷിച്ച് അലറിക്കൊണ്ടോടി. ലാവോസ് വേഗം നിലത്തിറങ്ങി. അവൻ സർപത്തിന്റെ വയറുകീറി വിളക്കു പുറത്തെടുത്തു.

പിന്നെ ഒരു കൊടുങ്കാറ്റുപോലെ സർപത്തിന്റെ തലയും വിളക്കുമായി അവൻ കൊട്ടാരത്തിലേക്ക് പാഞ്ഞു. പിറ്റേന്നു രാവിലെ കൊട്ടാരത്തിലെത്തി. മീനോസ് കിടക്കുന്ന തടവറയിലേക്ക് പാഞ്ഞുചെന്നു. ഒരു നിമിഷം അവൻ ഞടുങ്ങിനിന്നു.



മീനോസിനെ കാണാനില്ല. അവന്റെ വസ്ത്രങ്ങൾ മാത്രം തടവറയിൽ കിടക്കുന്നു.

‘അവനെവിടെ?’ ഒരു ഭ്രാന്തനെപ്പോലെ ലാവോസ് അലറി. ഭടന്മാർ ഓടിവന്നു പറഞ്ഞു: “അവനെ കൊല്ലാൻ കൊണ്ടുപോയി. വേഗം ചെന്നാൽ കാണാം”.

അതുകേട്ട ലാവോസ് ഞെട്ടിപ്പോയി. തന്റെ പദ്ധതികളെല്ലാം തകർന്നിരിക്കുന്നു. നാളെ മീനോസിനെ വധിക്കുന്ന ദിവസമാണ്, ദൈവമേ! അതോർത്തപ്പോൾ തന്റെ ഹൃദയം പൊട്ടിപ്പോകുന്നതുപോലെ അവനു തോന്നി.

അവൻ തലപുകഞ്ഞാലോചിച്ചു. എങ്ങനെയും അവരെ അവിടെനിന്നും വിരട്ടി ഓടിക്കണം. കൂടുതൽ പേരെ വിളിച്ചുവരുത്തി പാമ്പിന്റെ വയറുകീറി വിളക്കെടുക്കാനാണ് അവരുടെ പ്ലാനെന്ന് ലാവോസിനു മനസ്സിലായി.

**ബാലനോവൽ – 20**

**അന്തീനാട് ജോസ്**

അവൻ ഒന്നു കൂടി ഇലകൾക്കിടയിൽ പതുങ്ങിയിരുന്നു. താഴെ നിന്നു നോക്കിയാൽ ആർക്കും കാണാൻ കഴിയില്ല.

അവൻ ഒരു രാക്ഷസന്റെ സ്വരത്തിൽ അലറി. അതുകേട്ട് കാട്ടുമനുഷ്യർ ഭയത്തോടെ മുകളിലേക്കു നോക്കി. പക്ഷേ നേർത്ത ഇരുട്ടു കാരണം അവർക്കൊന്നും കാണാൻ ക ഴിഞ്ഞില്ല.

എങ്കിലും വനത്തിൽ ഇതൊരു അസാധാരണ സംഭവമാണെന്നോർത്തപ്പോൾ അവർ ഞടുങ്ങി. ഇതിനുമുമ്പൊരിക്കലും ഇത്തരം ശബ്ദം കേട്ടിട്ടില്ല. അവർ ഒന്നടങ്കം മുകളിലേക്ക് നോക്കി ചോദിച്ചു.

‘ആരാണത്? മുകളിൽ ആരാണ്?

ലാവോസ് സ്വരംമാറ്റി, അലറുന്ന സ്വരത്തിൽ പറഞ്ഞു:

‘ഞാനാണ് നിങ്ങളുടെ ദൈവം, മലദൈവം. ഞാൻ നിങ്ങളോട് കോപിച്ചിരിക്കുന്നു. നിങ്ങൾ എന്റെ സർപത്തെ കൊന്നു. അതിന്റെ ശിക്ഷയായി ഇന്നീ കാട്ടിൽ ഇടിവെട്ടും. എന്റെ സർപ്പത്തെ കൊന്നവരുടെ മേൽ പർവതങ്ങൾ ഇടിഞ്ഞുവീഴും. എല്ലാവരും ഓടി ഗുഹയ്ക്കുള്ളിൽ കയറൂ....”

അവൻ കാറ്റിന്റെ വേഗത്തിൽ സിംഹക്കൂടിനരികിലേക്കു പാഞ്ഞു. മാനോസിനെ സിംഹം തിന്നുന്നതു കാണാൻ വലിയൊരു ജനാവലി അവിടെ തടിച്ചുകൂടിയുണ്ട്. രാജാവുമുണ്ട്. മീനോസിനെ സിംഹക്കൂട്ടിലേക്ക് തള്ളിയിടാൻ തുടങ്ങിയ ഭടന്റെ കഴുത്തിൽ ലാവോസ് കുത്തിപിടിച്ചുകൊണ്ട് അലറി, “നിർത്തെടാ!”

ഇതെല്ലാം കണ്ടു ജനങ്ങൾ അമ്പരന്നു നില്ക്കെ, അവൻ സ്വർണവിളക്ക് രാജാവിന്റെ കാല്ക്കൽ വച്ചു. ഒപ്പം സർപത്തിന്റെ തലയും. സർപത്തിന്റെ തല കണ്ടു രാജാവു ഭയന്നു പിറകോട്ടു മാറി.

ലാവോസ് നടന്നതെല്ലാം പറഞ്ഞു. അതുകേട്ട് ജനങ്ങൾ ഒന്നടങ്കം ഇളകി. അവർ ഒരേ സ്വരത്തിൽ വിളിച്ചു കൂവി. “നിരപരാധികളെ കൊല്ലുന്ന രാജാവ് സ്ഥാനമൊഴിയുക”.

ജനങ്ങൾ ഒന്നടങ്കം രാജാവിനെതിരെ തിരിഞ്ഞു. പകരം അവർ മറ്റൊരാളെ രാജാവാക്കി. പുതിയ രാജാവ് ലാവോസിനും മീനോസിനും ധാരാളം സമ്മാനങ്ങളും നല്കി.

(അവസാനിച്ചു)